**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3689** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസന വകുപ്പിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ക്ഷീര കർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ? | (എ) | ക്ഷീരവികസന വകുപ്പിൽ നിന്നും ക്ഷീര ക്ഷീരകർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. കിടാരി പാർക്ക് , ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു.<br><br>(2) തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി<br><br>സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി , യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>(3) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകളിൽ സൗജന്യമായി പാൽ പരിശോധിച്ചു നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br><br>(4) ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി<br><br>സർക്കാർ ധനസഹായത്തോടെ കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി വഴി ക്ഷീരകർഷകർ അവരുടെ കുടുംബാംഗങ്ങൾ, കറവമാടുകൾ, ക്ഷീരസംഘം |

| | | | |
|---|---|---|---|
| | | | ജീവനക്കാർ എന്നിവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട് .<br><br>കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ